# ജറുസലെം ദൈവരാജ്യം



2023 ഡിസംബർ 1 വാല്യം 11 ലക്കം 3

## വചനപ്രഘോഷണം ക്രൈസ്തവന്റെ കടമ



**പട്ടത്തച്ചൻ**



''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ 16: 15). ഇത് ഒരു ഉപദേശമല്ല. ഇത് ഒരു കല്പനയാണ്. ഈ വചനം സ്വീകരിക്കുന്നവരുടെ ജീവിതത്തിൽ അത്ഭുതങ്ങൾ ഉണ്ടാകും. ഈ വചനത്തിനുവേണ്ടി ജീവൻ കൊടുത്തവരുണ്ട്. രക്തം ചിന്തിയവരുണ്ട്. ''നിങ്ങൾ ജീവന്റെ വചനത്തെ മുറുകെ പിടിക്കുവിൻ. അപ്പോൾ ഞാൻ ഓടിയതും അദ്ധ്വാനിച്ചതും വ്യർത്ഥമായില്ലെന്ന് ക്രിസ്തുവിന്റെ ദിനത്തിൽ എനിക്ക് അഭിമാനിക്കാം'' (ഫിലി 2:16). വചനപ്രഘോഷണം ക്രൈസ്തവന്റെ കടമയാണ്. നമ്മുടെ പ്രായവും കഴിവും പക്വതയും നോക്കിയല്ല ദൈവം നമ്മെ തിരഞ്ഞെടുക്കുന്നത്. ദൈവം നിസ്സാരരായ മക്കളെയാണ് തന്റെ ദൗത്യ നിർവ്വഹണത്തിനായി തിരഞ്ഞെടുക്കുന്നത്. യേശുവിന്റെ ശിഷ്യന്മാരിൽ നല്ലൊരു ശതമാനവും മീൻപിടുത്തക്കാരായിരുന്നു. മത്തായി ചുങ്കം പിരിക്കുന്നവനായിരുന്നു. ഇവരെയെല്ലാം തിരഞ്ഞെടുത്ത ദൈവം തന്നെയാണ് എന്നെയും നിന്നെയും തിരഞ്ഞെടുത്തത്. സുവിശേഷവേല ചെയ്യാനുള്ള ശക്തി വചനത്തിലൂടെയാണ് നമുക്ക് ലഭിക്കുക.

സാധാരണ മനുഷ്യരെ അസാധാരണമാക്കുന്നതാണ് ദൈവവചനം. ''കർത്താവിന്റെ ആത്മാവ് ശക്തമായി അവന്റെമേൽ ആവസിച്ചു, അവൻ മറ്റൊരു മനുഷ്യനായി മാറി'' (1 സാമു 10:6). ദൈവത്തിന്റെ വചനം, വചനത്തിന്റെ ആത്മാവ് ഒരാളിൽ പ്രവേശിച്ചാൽ അവനിൽ പുതിയ കൃപകളും ചൈതന്യവും വന്നു നിറയും. വ്യക്തിക്ക് മാത്രമല്ല സർവ്വസൃഷ്ടികൾക്കും വചനം ആവശ്യമാണ്. നമ്മുടെ പുരയിടത്തിലെ മണ്ണിനും സസ്യലതാദികൾക്കും വചനം ആവശ്യമാണ്. വൃക്ഷങ്ങൾ ഫലം ചൂടാൻ വചനം വേണം. കളിസ്ഥലങ്ങളിൽ വിജയം കൊയ്തെടുക്കാൻ വചനം ആവശ്യമുണ്ട്. കിടപ്പുമുറികളെ വിശുദ്ധമായി കാത്തുസൂക്ഷിക്കുവാൻ വചനം ആവശ്യമുണ്ട്. വളർത്തുമൃഗങ്ങൾ വർദ്ധിച്ചുപെരുകുവാൻ വചനം ആവശ്യമാണ്. ട്രാഫിക്ക് ജാമിൽ കുരുക്കിൽനിന്നും രക്ഷ പ്രാപിക്കാൻ, സുരക്ഷിതമായ ലക്ഷ്യത്തിലെത്തിച്ചേരാൻ വചനം ആവശ്യമുണ്ട്. വചനത്തിന്, ദൈവസാന്നിദ്ധ്യത്തിന് നിന്നെ രക്ഷിക്കുവാനും ശത്രുക്കളിൽനിന്ന് രക്ഷ നൽകാനും കഴിവുണ്ടെന്ന് നീ വിശ്വസിക്കുന്നുണ്ടോ?

വചനത്തിന് നീ വിലകൊടുക്കണം. രക്തം കൊടുത്ത് വചനത്തിന് സാക്ഷ്യം വഹിച്ച വിശുദ്ധരോട് അടുപ്പമുണ്ടാകണം. നമുക്ക് വേണ്ടി അപ്പമായി തീർന്ന ദിവ്യകാരുണ്യത്തോട് ഭക്തിയുണ്ടാകണം. ഓരോ ക്രൈസ്തവനും പ്രാർത്ഥിക്കട്ടെ. വചനമേ എന്നിൽ വന്ന് നിറയട്ടെ. വചനമാകുന്ന യേശുവേ നീ ഞങ്ങളിൽ വേഗം വരണമേ...

**വചനാഭിഷേകം പെയ്തിറങ്ങുന്ന 29-ാമത് ജറുസലെം ബൈബിൾ കൺവെൻഷനിലേയ്ക്ക് എല്ലാവരെയും ക്ഷണിക്കുന്നു.**

വചനത്തിന്റെ കൈമാറ്റ പുസ്തകം (വചനജ്വാല) നമ്മുടെ ജീവിതത്തിന്റെ ശക്തികേന്ദ്രവും ദൈവാനുഗ്രഹത്തിന്റെ നിറവുമാകട്ടെ.

**സമ്പൂർണ്ണ ബൈബിൾ വായിച്ചുതീർന്നവർ കൈമാറ്റപുസ്തകം ഡിസംബർ 20-ന് മുമ്പ് ഓഫീസിൽനിന്ന് കൈപ്പറ്റണം.**

## ദൈവം പണിത ഭവനം



**ഫാ. ജോ പാച്ചേരിയിൽ CMI**



പരിശുദ്ധ കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം കാറ്റക്കിസം ഓഫ് ദി കാത്തലിക്ക് ചർച്ച് കുടുംബത്തെ നിർവ്വചിക്കുന്നത് ഇങ്ങനെയാണ്: ഇത് ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധമാണ്. നാല് രീതിയിലുള്ള കുടുംബങ്ങളെ കണ്ടുമുട്ടാൻ സാധിക്കും. 1. ദൈവം പണിത ഭവനം 2. മനുഷ്യൻ പണിത ഭവനം 3. പിശാച് പണിത ഭവനം 4. സർക്കാർ പണിത ഭവനം. ഈ വചനം കേൾക്കുമ്പോൾ എന്റെ കുടുംബം എങ്ങനെയുള്ള കുടുംബമാണ്?

ദൈവം പണിത ഭവനത്തിന് അതിന്റേതായ പ്രത്യേകതകളുണ്ട്. ദൈവാലയത്തിൽ വെച്ച് വിവാഹം ആശീർവ്വദിക്കപ്പെട്ടവർക്ക് ഒരു കുടുംബജീവിതത്തിനാവശ്യമായ എല്ലാ ആത്മീയവരങ്ങളും വിവാഹമെന്ന കൂദാശവഴി ദമ്പതികൾ സ്വീകരിക്കുന്നുണ്ട്. ഒരു കുടുംബം എങ്ങനെ പോകണമെന്ന് ഈ ദമ്പതികളിലേയ്ക്ക് ദൈവത്തിന്റെ പരിശുദ്ധാത്മാവ് വരദാനങ്ങൾ ചൊരിയുകയാണ്. വിവാഹമെന്ന കൂദാശയിലൂടെ ദൈവത്തിന്റെ കൂടെ ജീവിക്കുന്ന കുടുംബങ്ങളാണിത്. ആ ഭവനങ്ങളിൽ അന്യായമായി പണം സമ്പാദിക്കുന്നില്ല. കൂദാശാജീവിതമുണ്ട്. ദൈവത്തിന് ഒന്നാം സ്ഥാനം നൽകുന്നുണ്ട്. കുടുംബപ്രാർത്ഥനയുണ്ട്, കുമ്പസാരമുണ്ട്, വിശുദ്ധ കുർബ്ബാനയുണ്ട്. ദൈവത്തിന്റെ കരങ്ങൾ പിടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന കുടുംബങ്ങളാണ് ദൈവം പണിത കുടുംബങ്ങൾ.

എന്നാൽ മനുഷ്യൻ പണിത ഭവനത്തിന്റെ പ്രത്യേകത എന്താണ്? ദൈവാലയത്തിൽ വച്ചുതന്നെയാണ് വിവാഹം ആശീർവ്വദിക്കപ്പെട്ടത്. എന്നാൽ ആ ദൈവത്തെ ദൈവാലയത്തിൽ വച്ചുതന്നെ ഉപേക്ഷിച്ചിട്ടാണ് അവർ കുടുംബജീവിതം ആരംഭിച്ചത്. അവർക്ക് പണമാണ് ശരണം. വീട്ടിൽ വിരുന്നുകാർ വന്നു. അന്ന് ആ ഭവനത്തിൽ പ്രാർത്ഥനയില്ല. സീരിയലിൽ പരസ്യം വരുമ്പോഴാണ്




ഉദ്ഘാടനം
**മാർ ആൻഡ്രൂസ് താഴത്ത്**
ആർച്ച്ബിഷപ്പ്, തൃശ്ശൂർ അതിരൂപത



സമാപന സന്ദേശം
**മാർ പീറ്റർ കൊച്ചുപുരക്കൽ**
ബിഷപ്പ്, പാലക്കാട് രൂപത



റവ. ഫാ. സേവ്യർഖാൻ വട്ടായിൽ PDM



റവ. ഫാ. മാത്യു വയലാമണ്ണിൽ CST



റവ. ഫാ. റോയി പാലാട്ടി CMI



റവ. ഫാ. സെബാസ്റ്റ്യൻ പുവ്വത്തിങ്കൽ



റവ. ഫാ. ഡേവിസ് പട്ടത്ത് CMI



റവ. ഫാ. ദേവസ്യ കാനാട്ട് CMI



റവ. ഫാ. ജോ പാച്ചേരിയിൽ CMI



റവ. ഫാ. സിജോ തയ്യാലക്കൽ CMI

**''ഞാൻ ദാവീദ് ഭവനത്തിന്റെയും ജറുസലെം നിവാസികളുടെയും മേൽ കൃപയുടെയും പ്രാർത്ഥനയുടെയും ചൈതന്യം പകരും.''** (സഖറിയാ 12 : 10)

JERUSALEM RETREAT CENTRE THALORE

## 29-ാമത് ജറുസലെം കൺവെൻഷൻ 2023

**2023 ഡിസംബർ 7 8 9 10 8.30am to 3.30pm**

**വ്യാഴം * വെള്ളി * ശനി * ഞായർ**

വ്യക്തിജീവിതങ്ങൾ, കുടുംബങ്ങൾ, കുഞ്ഞുങ്ങൾ, യുവജനങ്ങൾ, സമൂഹങ്ങൾ, ഇടവകകൾ, സ്ഥാപനങ്ങൾ ദൈവാത്മാവിൽ നിറയപ്പെടാൻ... മാനസാന്തരഫലങ്ങൾ ഉണ്ടാകാൻ... അഭിഷേകം പ്രാപിക്കാൻ... അയയ്ക്കപ്പെടാൻ...

**ജറുസലെം നാഥൻ ഏവരെയും ക്ഷണിക്കുന്നു.**

Jerusalem Retreat Centre, Thalore, Thrissur - 680 306, Mob: 7025152530, E-mail: mailtojerusalem@gmail.com, www.jerusalemcentre.org ജറുസലെം കൺവെൻഷൻ ശുശ്രൂഷകൾ LIVE STREAMING Jerusalem Retreat Centre - youtube channel



MERRY CHRISTMAS & HAPPY NEW YEAR

''ഭയപ്പെടേണ്ടാ. ഇതാ, സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിൻെറ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിൻെറ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു.''

എല്ലാ ദൈവരാജ്യം വായനക്കാർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ



## “കുടുംബങ്ങളുടെ സമ്പത്ത് വസ്തുക്കളുടെ പെരുപ്പമല്ല. പിന്നെയോ, വസ്തുക്കളുടെ ഗുണമാകുന്നു.”

# യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

**യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ്. (ഹെബ്രാ.13: 8)**



## ദൈവമെ എന്റെ ഹൃദയം അങ്ങയെ തേടുന്നു



**ഷിബി ബിജു,** കോമ്പാറ ഹൗസ്, പി. ഒ. കല്ലൂർ, പാലക്കപറമ്പ്

“നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ, ദൈവമേ എന്റെ ഹൃദയം അങ്ങയെ തേടുന്നു” (സങ്കീ. 42:1). എന്റെ ഭവനത്തിൽ ദൈവാനുഗ്രഹത്തിന്റെ നിറവിനായി ഞാൻ ഒമ്പത് വെള്ളിയാഴ്ചകളിൽ വചനകൂടാരത്തിൽ പ്രത്യേക നിയോഗത്തോടെ വന്നെത്തി. കടബാധ്യതയും ഭർത്താവിന്റെ മദ്യപാനം മാറാനും കച്ചവടത്തിൽ പുരോഗതി ഉണ്ടാകാൻ വേണ്ടിയും നിയോഗം വച്ച് പ്രാർത്ഥിച്ചിരുന്നു. ഏഴ് ആഴ്ച പങ്കെടുത്തു. എട്ടാമത്തെ ആഴ്ചയിൽ ചൊവ്വാഴ്ച (18.07.2023) ഭർത്താവ് വീട്ടിൽ നിന്ന് കടയിലേക്ക് പോകുമ്പോൾ എതിരെവന്ന ബൈക്ക് ഭർത്താവിന്റെ ബൈക്കിൽ ഇടിക്കുകയും അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുപോവുകയും ചെയ്തു. മൂക്കിൽനിന്നും ചെവിയിൽനിന്നും രക്തം വരുകയും ചെയ്തിരുന്നു. ജില്ലാ ആശുപത്രിയിലേക്കാണ് കൊണ്ടുപോയത്. സി. ടി. സ്കാൻ ചെയ്യാതെ ഒന്നും പറയാൻ പറ്റില്ല എന്ന് ഡോക്ടർ അറിയിച്ചു. ഞങ്ങൾ ജൂബിലി ആശുപത്രിയിൽ കൊണ്ടുപോയി. സ്കാൻ ചെയ്യാൻ പോയപ്പോൾ ഭർത്താവിന് ഫിറ്റ്സ് വരുകയും കൂടുതൽ ക്രിട്ടിക്കൽ കണ്ടീഷനാവുകയും ചെയ്തു. വീണ്ടും സെഡേഷൻ കൊടുത്ത് സ്കാൻ ചെയ്തു. തലച്ചോറിൽ ബ്ലീഡിങ്ങാണെന്നും ഓപ്പറേഷൻ വേണമെന്നും പറഞ്ഞു. ഞാൻ ജറുസലെമിലേക്ക് പ്രാർത്ഥനാസഹായം ആവശ്യപ്പെട്ട് ഫോൺ ചെയ്തു. ഓപ്പറേഷൻ കൂടാതെ സുഖപ്പെടുത്തിയാൽ സാക്ഷ്യപ്പെടുത്താമെന്ന് നിയോഗം വെച്ച് പ്രാർത്ഥിച്ചു. ഓപ്പറേഷൻ കൂടാതെ ജറുസലെംനാഥൻ സുഖപ്പെടുത്തി. അദ്ദേഹത്തിന്റെ ജീവൻ രക്ഷിച്ച ഈശോയ്ക്ക് കോടാനുകോടി നന്ദിയേകുന്നു. ഇപ്പോൾ ജോലിക്ക് പോയിതുടങ്ങി.

**പ്രാർത്ഥനാനിയോഗങ്ങൾ**
**Whatsapp ചെയ്യേണ്ട നമ്പർ**
**9656 133 533**
**ദിവ്യകാരുണ്യ സൗഖ്യാരാധനയിൽ പേരുകൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്നതായിരിക്കും**

# അത്ഭുതങ്ങളുടെ ലോകം ഇനിയും അവസാനിച്ചിട്ടില്ല

*നിനക്ക് ഒരു തിൻമയും ഭവിക്കുകയില്ല; ഒരനർഥവും നിൻെറ കൂടാരത്തെ സമീപിക്കുകയില്ല. (സങ്കീ 91:10)*



## ചോദിച്ചതിനേക്കാൾ അധികമായി നൽകി



**രേഖ സിജു,** മുട്ടത്ത് ഹൗസ്, പോപ്പ് ജോൺ പോൾ ഫസ്റ്റ് ബ്ലോക്ക്, കുരിയച്ചിറ

നമ്മുടെ ജീവിതത്തിൽ സഹനകാലങ്ങളിലൂടെ നാം കടന്നുപോകുമ്പോൾ ഈശോയോട് ചേർന്നുനിന്നാൽ ദൈവാനുഗ്രഹത്തിന്റെ നീരുറവകൾ നമുക്ക് ദർശിക്കാൻ സാധിക്കും. ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ട് 12 വർഷം കഴിഞ്ഞിട്ടും മക്കൾ ഉണ്ടായിരുന്നില്ല. പലവിധ ചികിത്സകൾ ചെയ്തിട്ടും ഫലം ഉണ്ടായില്ല. ഇനി കുട്ടികൾ ഉണ്ടാകില്ല എന്നാണ് വൈദ്യശാസ്ത്രം പറഞ്ഞിരുന്നത്. ജറുസലെം വചനകൂടാരത്തിൽ മൂന്നാമത്തെ ഞായറാഴ്ചകളിൽ നടത്തുന്ന മക്കളില്ലാത്ത ദമ്പതികൾക്കു വേണ്ടിയുള്ള ശുശ്രൂഷയിൽ മുടങ്ങാതെ വന്ന് പ്രാർത്ഥിച്ചിരുന്നു. പട്ടത്തച്ചന്റെ അടുത്തുവന്ന് പ്രാർത്ഥിച്ചുപോയതിനുശേഷം ഒരു മാസത്തിനുള്ളിൽ ഞാൻ പ്രഗ്നന്റ് ആവുകയും ഒന്നിനു പകരം രണ്ട് മക്കളെ തന്ന് ദൈവം അനുഗ്രഹിക്കുകയും ചെയ്തു. യേശുവേ നന്ദി.


## ഞാൻ കർത്താവിൽ ആനന്ദിക്കും



**ജൂബി ജോമോൻ,** വട്ടേക്കാട്ടുകര ഹൗസ്, മുക്കാട്ടുക്കര പി. ഒ.

“എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും” (ഹബ. 3:18). കർത്താവിൽ ആനന്ദിച്ചപ്പോൾ ദൈവം ഞങ്ങളുടെ ഭവനത്തിൽ ആനന്ദം വർഷിച്ചു. 2019 ഡിസംബർ മാസത്തിൽ നടന്ന ജറുസലെം കൺവെൻഷനിൽ പങ്കെടുത്ത് ഞാൻ നിയോഗം വെച്ച് പ്രാർത്ഥിച്ചു. അന്ന് സന്ദേശമായി അച്ചൻ വിളിച്ചുപറഞ്ഞു. കുഞ്ഞുങ്ങളില്ലാത്ത ഏഴ് ദമ്പതികൾക്ക് കുഞ്ഞുങ്ങളെ നൽകി ഈശോ അനുഗ്രഹിക്കുന്നു. ആ ഏഴ് ദമ്പതികളിൽ ഒരാൾ ഞാനായിരുന്നാൽ ജറുസലെമിലെ അൾത്താരയിൽ വന്ന് സാക്ഷ്യം പറയാം എന്ന് പറഞ്ഞ് തീക്ഷ്ണമായി പ്രാർത്ഥിച്ചു. ദൈവാനുഗ്രഹത്തിന്റെ ഫലമായി പിറ്റേമാസം തന്നെ (ജനുവരി) ഗർഭിണിയാണെന്ന് അറിഞ്ഞു. സമയത്തിന്റെ പൂർണ്ണതയിൽ ഞങ്ങൾക്ക് രണ്ടാമതൊരു കുഞ്ഞിനെ തന്ന് ഈശോ അനുഗ്രഹിച്ചു. യേശുനാഥനും പരിശുദ്ധ അമ്മയ്ക്കും ഒരായിരം നന്ദി പറയുന്നു.

## ദൈവമേ നന്ദി



**ജൂലി ലിറ്റോ,** പുല്ലൂക്കാട്ട് ഹൗസ്, അയ്യന്തോൾ

സങ്കീ. 30:4 ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു: “കർത്താവിന്റെ പരിശുദ്ധ നാമത്തിന് കൃതജ്ഞത അർപ്പിക്കുവിൻ”. പ്രതിസന്ധികളിലും പ്രയാസങ്ങളിലും അഭയകേന്ദ്രമായിരുന്ന കർത്താവിന്റെ പരിശുദ്ധ നാമം വിളിച്ചപേക്ഷിച്ചപ്പോൾ ഞങ്ങളുടെ കുടുംബത്തിന്റെ മൂന്ന് നിയോഗങ്ങളും ഈശോ സഫലീകരിച്ചു. എന്റെ മകൻ ലിയോണിന്റെ പേടിയും ഭയപ്പാടുകളും ഈശോനാഥൻ മാറ്റിത്തന്നു. ഞങ്ങൾക്ക് രണ്ടാമതൊരു കുഞ്ഞിനുവേണ്ടി നിയോഗം വെച്ച് വെള്ളിയാഴ്ചകളിൽ വന്ന് ശുശ്രൂഷകളിൽ പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി ഞങ്ങൾക്ക് രണ്ടാമതൊരു കുഞ്ഞിനെ നൽകി ഈശോ അനുഗ്രഹിച്ചു. എന്റെ ഭർത്താവിന് വിദേശത്ത് നല്ലൊരു ജോലി ലഭിക്കുവാൻ വേണ്ടി അദ്ദേഹം മാർച്ച്മാസം മുതൽ നിയോഗം വെച്ച് വെള്ളിയാഴ്ചകളിൽ ഏകദിന കൺവെൻഷന് വന്ന് പ്രാർത്ഥിക്കുമായിരുന്നു. അതിന്റെ ഫലമായി ഭർത്താവിന് വിദേശത്ത് അദ്ദേഹം ആഗ്രഹിച്ചതുപോലെതന്നെ നല്ലൊരു ഐ. ടി. കമ്പനിയിൽ തന്നെ ജോലി ലഭിച്ചു. ഇത്രയും വലിയ അനുഗ്രഹങ്ങൾ നൽകിയ എന്റെ ജറുസലെം നാഥനും അമ്മ മാതാവിനും ഒരായിരം നന്ദി.

## ദു:ഖം സന്തോഷമായി



**ഗിൻസി,** ചാമക്കാല ഹൗസ്, പി. ഒ. ചെങ്ങാലൂർ, പുതുക്കാട്

“യേശു പറഞ്ഞു: നിങ്ങളുടെ ദു:ഖം സന്തോഷമായി മാറും” (യോഹ 16:20). ഈശോയോട് പ്രാർത്ഥിച്ചപ്പോൾ ഈശോ ഞങ്ങളുടെ ദു:ഖം സന്തോഷമായി മാറ്റി. ഈ അൾത്താരയിൽ എന്റെ ചേച്ചിക്കുവേണ്ടിയാണ് ഞാൻ ആയിരിക്കുന്നത്. എന്റെ ചേച്ചിയും ചേട്ടനും യു. കെ. യിലാണ് വർക്ക് ചെയ്യുന്നത്. മൂന്ന് വർഷമായിട്ടും അവർക്ക് കുഞ്ഞുങ്ങൾ ഉണ്ടായിരുന്നില്ല. ജറുസലെം ധ്യാനകേന്ദ്രത്തിൽ വന്ന് പട്ടത്തച്ചനെ കണ്ട് പ്രാർത്ഥിച്ചപ്പോൾ ജറുസലെം വചനകൂടാരത്തിൽ മൂന്നാമത്തെ ഞായറാഴ്ച നടത്തുന്ന മക്കളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുത്ത് പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. ജൂൺ മാസം മൂന്നാമത്തെ ഞായറാഴ്ച വന്നു പ്രാർത്ഥിച്ചു. ജൂലൈ മാസം ടെസ്റ്റ് ചെയ്തപ്പോൾ ചേച്ചി ഗർഭിണിയാണ് എന്ന് അറിഞ്ഞു. യേശുവേ നന്ദി. യേശുവേ സ്തുതി.

## സമയത്തിന്റെ പൂർണ്ണതയിൽ



**ജിഷമോൾ ആർ.,** W/o അഗസ്റ്റിൻരാജ്, മേനോൻപാറ

സങ്കീ. 75: 1 ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു: “ഞാൻ നിർണ്ണയിച്ച സമയമാകുമ്പോൾ ഞാൻ നീതിയോടെ വിധിക്കും”. സമയത്തിന്റെ പൂർണ്ണതയിൽ ഈശോ എന്റെ ആഗ്രഹം പൂർത്തീകരിച്ചുതന്നു. എന്റെ വിവാഹം കഴിഞ്ഞ് എട്ടു വർഷമായിട്ടും കുഞ്ഞുങ്ങൾ ഉണ്ടായിരുന്നില്ല. 2022 ജൂൺ മാസം മുതൽ ഒമ്പത് വെള്ളിയാഴ്ചകളിൽ ജറുസലെമിൽ വന്ന് നിയോഗം വെച്ച് വിശുദ്ധ കുർബാനയിലും ആരാധനയിലും പങ്കുകൊണ്ട് പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് ഒരു പെൺകുഞ്ഞിനെ തന്ന് ഈശോനാഥൻ അനുഗ്രഹിച്ചു. 12 വർഷമായിട്ടും വീടുപണി പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല. നിയോഗപ്രാർത്ഥനയുടെ ഫലമായി വീടിന്റെ നിർമ്മാണം കഴിഞ്ഞു. ജറുസലെം നാഥനും മാതാവിനും ഒരായിരം നന്ദിയേകുന്നു.

## അമൂല്യസമ്മാനം



**കൊച്ചുത്രേസ്യ,** നെടുംപറമ്പൻ, ചെങ്ങാലൂർ

ദൈവാനുഗ്രഹത്തിന്റെ പൂർണ്ണതയിൽ ദൈവം നൽകിയ അമൂല്യസമ്മാനമാണ് ഞങ്ങളുടെ മകനുണ്ടായ കുഞ്ഞ്. എന്റെ മകന്റെ വിവാഹം കഴിഞ്ഞിട്ട് അഞ്ച് കൊല്ലം കഴിഞ്ഞെങ്കിലും മക്കൾ ഉണ്ടായിരുന്നില്ല. കൊറോണ സമയമായിരുന്നതുകൊണ്ട് അച്ചൻമാരെ കാണാൻ സാധിച്ചില്ല. എങ്കിലും ഞാൻ ജറുസലെം വചനകൂടാരത്തിൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി ഒരു ആൺകുട്ടിയെ നൽകി അനുഗ്രഹിച്ചു. കുട്ടിക്ക് ഇപ്പോൾ മൂന്ന് വയസ്സായി. ഞാൻ മുടങ്ങാതെ എല്ലാ വെള്ളിയാഴ്ചകളിലും വന്ന് പ്രാർത്ഥിക്കാറുണ്ടായിരുന്നു. കുട്ടിയുണ്ടായാൽ ഈ അൾത്താരയിൽ വന്ന് സാക്ഷ്യപ്പെടുത്താമെന്ന് നിയോഗം സമർപ്പിച്ചിരുന്നു. അൾത്താരയിലെ സാക്ഷിയാക്കി മാറ്റിയ ഈശോയെ നന്ദിയേകുന്നു.

## ദിവ്യവൈദ്യനായ ഈശോ

**ബിൽസി ഷിബു,** എരുമക്കാട്ടുപറമ്പിൽ ഹൗസ്



ദിവ്യവൈദ്യനും ഔഷധവുമായ ഈശോയോട് നിയോഗത്തോടെ പ്രാർത്ഥിച്ചപ്പോൾ അലർജി രോഗത്തിൽനിന്ന് മകന് സൗഖ്യം നൽകിയനുഗ്രഹിച്ചു. എന്റെ മകൻ അലർജി രോഗം മൂലം വളരെയധികം കഷ്ടപ്പാടുകൾ അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു. നാല് ഡോക്ടർമാരുടെ അടുത്തുപോയി.ഗുളികകൾ ഒത്തിരി മാറിമാറി കഴിച്ചിട്ടും രോഗത്തിന് ശമനമൊന്നുമുണ്ടായിരുന്നില്ല. വളരെയധികം സങ്കടത്തോടെ ഞാൻ ജറുസലെം വചനകൂടാരത്തിൽവന്ന് അഞ്ച് ആഴ്ച നിയോഗം വെച്ച് ആരാധനയിലും വിശുദ്ധ കുർബ്ബാനയിലും പങ്കെടുത്ത് പ്രാർത്ഥിച്ചു. അതിന്റെ ഫലമായി അലർജി രോഗത്തിൽനിന്ന് മകന് സൗഖ്യം കിട്ടി. രണ്ടു വർഷം കൊണ്ട് മാറും എന്നൊക്കെ പറഞ്ഞാലും ദൈവാനുഗ്രഹം കൊണ്ട് അഞ്ച് മാസം കൊണ്ട് പൂർണമായും സൗഖ്യം നൽകി ഏറ്റവും വലിയ വൈദ്യനായ ഈശോ അനുഗ്രഹിച്ചു.

## കർത്താവ് എൻ അഭയം

**പുഷ്പം (നക്ഷത്ര),** അഞ്ചേരി ഹൗസ്, കലൂർ, പനയംപാടം

“മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ കർത്താവിൽ അഭയം തേടുന്നതാണ് നല്ലത്” (സങ്കീ. 118:8). കർത്താവിൽ ആശ്രയിച്ചപ്പോൾ, അഭയം തേടിയപ്പോൾ ദൈവാനുഗ്രഹം ഞങ്ങളിലേയ്ക്ക് വർഷിച്ചു. എന്റെ മകളുടെ കുട്ടിക്കു ലഭിച്ച അനുഗ്രഹത്തിന് സാക്ഷ്യം പറയുന്നതിനായിട്ടാണ് ഞാൻ ഈ അൾത്താരയിൽ ആയിരിക്കുന്നത്. മകൾക്ക് അഞ്ചു വയസ്സാണ്.





# "കുടുംബത്തിൽ വെളിച്ചം നിലനിർത്താൻ സഹായിക്കുന്ന സിദ്ധൗഷധമാണ് വി. കുർബാന."



അവൾക്ക് ബ്രസ്റ്റിന്റെ അടുത്ത് ഒരു മുഴ കാണുകയും ഡോക്ടറെ കാണിക്കുകയും ചെയ്തു. ഡോക്ടർ ഓപ്പറേഷൻ വേണമെന്ന് പറഞ്ഞു. ഞങ്ങൾ ജറുസലെമിൽ വന്ന് പട്ടത്തച്ചനെ കാണുകയും പ്രാർത്ഥിക്കുകയും ചെയ്തു. അച്ചൻ ഞങ്ങൾക്ക് ആശീർവ്വദിച്ച മധുരം തന്നു. കുടിക്കാൻ ഹന്നാൻവെള്ളവും നൽകി. ദിവ്യലേപനമായ വെളിച്ചെണ്ണ നൽകി വിശ്വാസപ്രമാണം ചൊല്ലി പുരട്ടി പ്രാർത്ഥിക്കാൻ പറഞ്ഞു. ഓപ്പറേഷനായി ആസ്പത്രിയിൽ ചെന്ന് ഡോക്ടറെ കണ്ട് സംസാരിക്കുന്ന സമയത്ത് കുട്ടിക്ക് ചുമ വരുകയും കുട്ടികളുടെ ഡോക്ടറെ കാണിക്കാൻ പറയുകയും ചെയ്തു. ഒരാഴ്ച കഴിഞ്ഞ് ചെല്ലാൻ പറഞ്ഞു. ഞങ്ങൾ ശക്തിയായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. വീണ്ടും ചെന്നപ്പോൾ ഒന്നര മാസം കൂടി കഴിഞ്ഞിട്ട് ഓപ്പറേഷൻ ചെയ്യാമെന്ന് പറഞ്ഞു. അതു കഴിഞ്ഞപ്പോൾ ഡോക്ടർ പറഞ്ഞു മരുന്നൊന്നും വേണ്ട. ഒരു കുഴപ്പവുമില്ല. തനിയെ മാറിക്കൊള്ളുമെന്ന് അറിയിച്ചു. ഞങ്ങൾ ജറുസലെം വചനകൂടാരത്തിൽ വന്ന് അച്ചനെകണ്ട് പ്രാർത്ഥിച്ചു. അൾത്താരയിൽ സാക്ഷ്യം പറഞ്ഞ് ദൈവത്തിന് നന്ദി പറയാൻ ലഭിച്ച ദൈവകൃപയ്ക്ക് നന്ദിയേകുന്നു. യേശുവെ സ്തോത്രം, നന്ദി.

## കരുണയുള്ള ഈശോ

**മരിയ ഇഗ്നേഷ്യസ്,** കോക്കാടൻ ഹൗസ്, പുതുക്കാട്



ഈശോനാഥൻ ഞങ്ങളുടെ കുടുംബത്തിനോട് കാരുണ്യം കാണിച്ചു. ഈശോയെ നന്ദി. എന്റെ ഡാഡിക്ക് മെയ് 2023-ന് ഇടതുവശം തളർന്നത് മൂലം ഹോസ്പിറ്റലിൽ അഡ്മിറ്റായി. വിദഗ്ദ്ധ ചികിത്സയ്ക്ക് എറണാകുളം പോകുന്ന വഴിക്ക് സൗഖ്യം ലഭിച്ചാൽ ജറുസലെമിൽ വന്ന് സാക്ഷ്യപ്പെടുത്താമെന്ന് പറഞ്ഞിരുന്നു. അത്ഭുതകരമായി സൗഖ്യം ലഭിച്ചു. ജോലിയിൽ പ്രമോഷനുവേണ്ടി വളരെനാളായി പ്രാർത്ഥിച്ചിട്ടും നടക്കാതെ വന്നപ്പോൾ സാക്ഷ്യപ്പെടത്താമെന്ന് പറഞ്ഞ് പ്രാർത്ഥിച്ചതിന്റെ ഫലമായി ജോലിയിൽ പ്രമോഷൻ ലഭിച്ചു. കൂടാതെ ഒപ്പം ജോലി ചെയ്തിരുന്ന മാനേജരുമായി ഒരുമിച്ചുപോകാൻ ബുദ്ധിമുട്ടായിരുന്നു. മാനേജർക്ക് ട്രാൻസ്ഫർ ലഭിക്കുകയും ചെയ്തു. പ്രമോഷനും ഡാഡിക്ക് സൗഖ്യവും നൽകിയനുഗ്രഹിച്ച ഈശോനാഥന്റെ കാരുണ്യത്തിന് നന്ദിയേകുന്നു. സങ്കീ. 75: 1 ഇപ്രകാരമാണ് ''ഞാൻ നിർണ്ണയിച്ച സമയമാകുമ്പോൾ ഞാൻ നീതിയോടെ വിധിക്കും''.

## തള്ളിക്കളയാത്ത ദൈവസ്നേഹം



**ലിയ ജോയ്,** പാലാട്ടി ഹൗസ്, പി.ഒ. ചിറ്റിശേരി, പുലക്കാട്ടുകര

കർത്താവ് അരുളിച്ചെയ്യുന്നു: ''എന്റെ അടുക്കൽ വരുന്നവനെ ഒരുനാളും ഞാൻ തള്ളിക്കളയുകയില്ല'' (യോഹ. 6: 37). ഞാൻ ആദ്യമായാണ് വചനകൂടാരത്തിൽ പ്രാർത്ഥനാശുശ്രൂഷയ്ക്ക് വന്നത്. അതിന് മുമ്പ് ജറുസലെമിൽ വന്ന് പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഏകദിന കൺവെൻഷനിൽ സംബന്ധിച്ചിരുന്നില്ല. എന്റെ പ്ലസ് ടു പരീക്ഷയുടെ സമയത്ത് ഈശോയോട് ഞാൻ ഫുൾ എ പ്ലസ് നൽകി അനുഗ്രഹിക്കണമെന്ന് പ്രാർത്ഥിച്ചിരുന്നു. റിസൾട്ട് വന്നപ്പോൾ ഫുൾ എ പ്ലസ് മാത്രമല്ല 98.5 ശതമാനം മാർക്കും നൽകി അനുഗ്രഹിച്ചു. തുടർന്ന് ഞാൻ നഴ്സിങ്ങിന്റെ അഡ്മിഷനുവേണ്ടി പ്രാർത്ഥിച്ചു. വെള്ളിയാഴ്ചയിലെ ഏകദിന കൺവെൻഷന് ഞാൻ വരുന്നതിന് രണ്ട് ദിവസം മുമ്പ് ഞാൻ പങ്കെടുത്ത നഴ്സിങ്ങിന്റെ അഡ്മിഷൻറിസൾട്ട് വന്നു. പക്ഷേ ഞാൻ വെയ്റ്റിങ്ങ്ലിസ്റ്റിലായിരുന്നു. ഏകദിന ശുശ്രൂഷയിൽ പങ്കെടുത്ത് ഞാൻ പ്രാർത്ഥിച്ചു. സി.എം.സി. വെല്ലൂരിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ സാക്ഷ്യം പറയാമെന്ന് ഈശോയോട് നിയോഗം സമർപ്പിച്ചു. അടുത്ത വെള്ളിയാഴ്ച (25-8-23) വരുന്നതിന് രണ്ട് ദിവസം മുമ്പ് ഞാൻ സെലക്ടായി എന്ന് കോളജിൽനിന്ന് അറിയിപ്പ് വന്നു.

## അമൂല്യമായ കാരുണ്യം

**ഏല്യാമ്മ യാക്കോബ് (വിബിത),** ചാതേലി ഹൗസ്



''ദൈവമേ, അങ്ങയുടെ കാരുണ്യം എത്ര അമൂല്യമാണ്'' (സങ്കീ. 36: 7) എന്ന് ഞാൻ ഈ അൾത്താരയിൽ സാക്ഷ്യപ്പെടുത്തുന്നു. നഴ്സിങ്ങിന് പഠിക്കുന്ന മകൾക്ക് ശക്തായ ഷോൾഡർ വേദനമൂലം സ്പോർട്സ് മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കുമോ എന്ന് ഭയാശങ്കയായി. ഞാൻ ഈശോയോട് നിയോഗംവെച്ച് പ്രാർത്ഥിച്ചു. മകൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കണമെന്ന് അതിയായ ആഗ്രഹമുണ്ട്. അഞ്ച് വെള്ളിയാഴ്ചകളിൽ ഉപവാസമനുഷ്ഠിച്ച് ഏകദിന കൺവെൻഷനിൽ പങ്കെടുത്തുകൊള്ളാം''. നിയോഗ പ്രാർത്ഥനയുടെ ഫലമായി ഈശോയുടെ തിരുരക്തത്താൽ, അവളെ പൂർണ്ണമായി കഴുകി വിശുദ്ധീകരിച്ചപ്പോൾ വേദന മാറുകയും സ്പോർട്സ് മത്സരത്തിൽ രണ്ടാം സ്ഥാനം ലഭിക്കുകയും ചെയ്തു. ദൈവമേ നന്ദി.

## ദൈവമെ സ്തുതി



**ലിസി ആന്റണി (ലൂഥർ ആന്റണി,** അറങ്ങാശേരി ഹൗസ്, അമ്മാടം

സ്തുതികളിൽ സംപ്രീതനായ ഈശോയെ, ഞാൻ അങ്ങയെ ആരാധിക്കുന്നു, നന്ദി പറയുന്നു. എന്റെ മകൾ ഗർഭിണിയായിരിക്കുമ്പോൾത്തന്നെ പല വിധ ബുദ്ധിമുട്ടുകളും സങ്കീർണ്ണതകളും ഉണ്ടായിരുന്നു. ബ്ലീഡിങ്ങും ഓവറിയിൽ മുഴയും കുട്ടിക്ക് വളർച്ചക്കുറവും ഉണ്ടായിരുന്നു. ജറുസലെമിൽവന്ന് ഏഴ് മാസത്തോളം വെള്ളിയാഴ്ചകളിൽ കുരിശിന്റെ ആശീർവ്വാദം, കുർബ്ബാന, ആരാധന ഇതിൽ സജീവമായി പങ്കെടുത്ത് പ്രാർത്ഥിച്ചു. കുഞ്ഞിന് ഒരു പ്രശ്നവുംകൂടാതെ എന്റെ മകൾക്ക് സുഖപ്രസവത്തിലൂടെ നല്ലൊരു കുഞ്ഞിനെ നൽകി ഈശോയും പരിശുദ്ധ അമ്മയും അനുഗ്രഹിച്ചു. സങ്കീ. 147: 1 ഇപ്രകാരം പറയുന്നു: ''നമ്മുടെ ദൈവത്തിന് സ്തുതി പാടുന്നത് എത്ര ഉചിതം''.

## ഉത്തരമരുളിയ ദൈവം



**കെവിൻ പട്ടാണി,** പട്ടാണി ഹൗസ്, വടക്കഞ്ചേരി, പാലക്കാട്

വചനം പറയുന്നു: ''ഞാൻ ചോദിച്ചു. ദൈവമെനിക്ക് ഉത്തരമരുളി''. എന്റെ നിസ്സഹായാവസ്ഥയിൽ ഉത്തരമരുളിയ ദൈവമെ നന്ദി. ഒന്നര വർഷമായി ഞാൻ ജർമ്മനിയിൽ ഒരു ജോലിക്കുവേണ്ടി ശ്രമിക്കുകയായിരുന്നു. അതിനുവേണ്ടി ഭാഷ പഠിക്കുകയും കഴിഞ്ഞ ഡിസംബറിൽ പാസ്സാവുകയും ചെയ്തു. പിന്നെ രണ്ടു മാസം കാത്തിരുന്നിട്ടും ജോലിക്കുവേണ്ടിയുള്ള ഇന്റർവ്യൂപോലും ലഭിച്ചില്ല. നിരാശപ്പെടാതെ ഏഴ് തിരുഹൃദയ വെള്ളിയാഴ്ചകളിൽ ജറുസലെം വചനകൂടാരത്തിൽ വന്ന് ആരാധനയിലും വിശുദ്ധബലിയിലും നിയോഗത്തോടെ പ്രാർത്ഥിച്ചു. ഇന്റർവ്യൂ കിട്ടിയെങ്കിലും റിജക്ഷൻ വന്നു. ഒരു ദിവസം കാനാട്ടച്ചനെ വന്ന് കാണുകയും പ്രാർത്ഥന അപേക്ഷിക്കുകയും ചെയ്തു. അച്ചൻ 33 ദിവസം ഓൺലൈൻ ദിവ്യകാരുണ്യ ആരാധന കാണാൻ പറയുകയും ഞങ്ങൾ കുടുംബസമേതം അതിൽ പങ്കുചേരുകയും ചെയ്തു. തുടർന്നുള്ള 33 ദിവസത്തെ വിമലഹൃദയ പ്രതിഷ്ഠ കൂടുകയും അവസാന ദിവസം ജറുസലെമിൽ നേരിട്ട് വരികയും കർമ്മലമാതാവിന്റെ ഗ്രോട്ടോയുടെ മുന്നിൽ വന്ന് പ്രാർത്ഥിക്കുകയും ചെയ്തു. അതിന്റെ ഫലമായി 10 ദിവസം കഴിഞ്ഞ് രണ്ട് ഇന്റർവ്യൂ വരികയും അതിൽ ഒന്നിൽ ഞാൻ പറഞ്ഞതിൽ കൂടുതൽ സാലറിയിൽ ഒരു ജോബ് കോൺട്രാക്ട് ലഭിക്കുകയും ചെയ്തു. ഈ ജോലി എനിക്ക് കിട്ടിയത് ഏഴാമത്തെ ആദ്യ വെള്ളിയാഴ്ചയുടെ രാവിലെ ഒരുമണിക്കാണ്. ഇത്രയധികം അനുഗ്രഹം തന്ന ജറുസലെം നാഥനും നാഥയ്ക്കും ഒരായിരം നന്ദി.

## ജീവനുള്ള ഭവനം

**മേഴ്സി ബാബു,** കോമ്പാറക്കാരൻ, ആനന്ദപുരം



യോഹ. 10: 10 തിരുവചനം ഇപ്രകാരമാണ്. ''ഞാൻ വന്നിരിക്കുന്നത് നിങ്ങൾക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്''. വചനമായ ഈശോ ഞങ്ങളുടെ ഭവനത്തിൽ കടന്നുവന്നപ്പോൾ അസമാധാനം പോയി, സമാധാനം കൈവന്നു. ജീവിതപങ്കാളിയുമായി ഇടക്കിടയ്ക്ക് ഉണ്ടായിരുന്ന ശണ്ഠകളും അസ്വസ്ഥതകളും ഈശോനാഥൻ എടുത്തുമാറ്റി. അഭിഷിക്ത പ്രാർത്ഥനകൾ ഞങ്ങളെ ശക്തിപ്പെടുത്തിയപ്പോൾ ഞങ്ങളുടെ ഭവനത്തിൽ ഈശോനാഥൻ സന്തോഷം നിറച്ചു.

## രക്ഷാകവചമായ കർത്താവ്

**സിൽവി സെബാസ്റ്റ്യൻ (മെൽവിൻ ലൂയിസ്),** ചെറുപ്പന്നത്തിൽ ഹൗസ്, നെല്ലിക്കുന്ന് തൃശൂർ



''കർത്താവേ, അങ്ങാണ് എന്റെ രക്ഷാകവചവും എന്റെ മഹത്വവും'' (സങ്കീ. 3:3). പ്രതിസന്ധി ഘട്ടത്തിൽ രക്ഷാകവചമായി മാറിയ ഈശോയെ നന്ദി. ഞാൻ ഫിലിപ്പൈൻസിൽ എം.ബി.ബി.എസ്. മൂന്നാം വർഷം കഴിഞ്ഞ വിദ്യാർത്ഥിയാണ്. തുടർന്ന് നാലാം വർഷം പഠിക്കുവാൻ പൈസയില്ലാതെ ലോണിന് അപേക്ഷിച്ചിരുന്നു. തൃശൂരിലെ എല്ലാ ബാങ്കുകളിൽനിന്നും ലോൺ തരില്ലായെന്ന് പറഞ്ഞു. വളരെയധികം വേദനയോടെ ജറുസലെമിൽവന്ന് പ്രാർത്ഥിച്ചു. പട്ടത്തച്ചനോട് പ്രാർത്ഥിച്ച് ആശീർവ്വാദം സ്വീകരിച്ചു. അത്ഭുതകരമായി ബാങ്ക് ലോൺ പാസ്സായി. ഞങ്ങൾ 23 വർഷമായി ജറുസലെം വചനകൂടാരത്തിൽ വന്ന് വെള്ളിയാഴ്ചകളിലെ ഏകദിന ശുശ്രൂഷകളിലും കൺവെൻഷനുകളിലും പങ്കെടുത്ത് പ്രാർത്ഥിക്കുകയും ധാരാളം അനുഗ്രഹങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഞങ്ങൾക്ക് ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക് നന്ദിയും സ്തുതിയും പറയുന്നു. ഞങ്ങളുടെ ഭവനത്തിന്റെ രക്ഷാകവചമായ കർത്താവിനെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു.

## അനുഗ്രഹദാകൻ ഈശോ

**ഡെല്ല റിച്ചാർഡ്,** കോലഴിക്കാരൻ ഹൗസ്, മണ്ണംപേട്ട



''ദൈവം നിങ്ങളുടെ അടുക്കലേയ്ക്കുവന്ന് നിങ്ങളെ അനുഗ്രഹിക്കും'' (പുറ. 20: 24). അനുഗ്രഹദായകനായ ഈശോയോട് നിയോഗത്തോടെ പ്രാർത്ഥിച്ചപ്പോൾ ഉന്നത വിജയം നൽകി എന്നെ അനുഗ്രഹിച്ചു. എന്റെ മകൾ സി.എ. ഫൗണ്ടേഷൻ പരീക്ഷ പാസാകാൻ ഞാൻ അഞ്ച് വെള്ളിയാഴ്ച ഉപവാസമെടുത്ത് നിയോഗം വെച്ച് ജറുസലെമിൽവന്ന് പ്രാർത്ഥിച്ചിരുന്നു. അൾത്താരയിൽ സാക്ഷ്യം പറയാമെന്ന് നേർന്നിരുന്നു. നിയോഗ പ്രാർത്ഥനയുടെ ഫലമായി മകൾ പാസ്സായി. ആദ്യത്തെ പ്രാവശ്യംതന്നെ ഉന്നത വിജയം നൽകിയനുഗ്രഹിച്ചു. ഈശോയെ നന്ദിയും സ്തുതിയും ആരാധനയുമേകുന്നു.

## ദൈവം പണിത ഭവനം

പേജ് 1 ൽ നിന്നും തുടർച്ച

ഫാ. ജോ പാച്ചേരിയിൽ CMI

വീട്ടിലെ കുടുംബപ്രാർത്ഥന. ഇങ്ങനെയുള്ള ഭവനമാണ് മനുഷ്യൻ പണിത ഭവനം. ഇന്ന് അനേകം കുടുംബങ്ങളുടെ തകർച്ചയ്ക്ക് കാരണം ദൈവാലയത്തിൽ വച്ചുതന്നെ വിട്ടുപേക്ഷിച്ചുപോകുന്ന ദൈവസാന്നിധ്യമാണ്.

മൂന്നാമത്തെ കുടുംബത്തെ വിളിക്കുന്നത് പിശാച് പണിത ഭവനമെന്നാണ്. ദൈവാലയത്തിൽ വച്ച് വിവാഹം ആശീർവ്വദിക്കപ്പെട്ടു. എന്നാൽ വിവാഹം കഴിഞ്ഞ് അഞ്ച് വർഷം, പത്ത് വർഷം കഴിഞ്ഞു. ഇപ്പോൾ ജീവിതപങ്കാളിയുടെ മാനസാന്തരത്തിനായി കണ്ണീരോടുകൂടി പ്രാർത്ഥിക്കുകയാണ്. ധ്യാനകേന്ദ്രത്തിലായിരിക്കാം, പള്ളിയിലായിരിക്കാം, അല്ലെങ്കിൽ ഒറ്റയ്ക്കിരുന്ന് കണ്ണീര് പൊഴിക്കുന്നവരായിരിക്കാം. ഭർത്താവിന് മറ്റൊരു ബന്ധം, ദാമ്പത്യ അവിശ്വസ്തത അവരുടെ കുടുംബജീവിതത്തിൽ കടന്നുവന്നിരിക്കുന്നു. പിശാച് അവരുടെ കുടുംബജീവിതത്തെ തകർത്തുകൊണ്ടിരിക്കുന്നു. കണ്ണീരു മാത്രമുള്ള കുടുംബങ്ങൾ.

നാലാമതായിട്ടുള്ള കുടുംബമാണ് സർക്കാർ പണിത ഭവനം. വിവാഹം പള്ളിയിൽ നടക്കാതെ വേറെ സ്ഥലങ്ങളിൽ വെച്ചു നടത്തി ദമ്പതികൾ ഒരുമിച്ച് ജീവിക്കുന്നു. മക്കൾ ഉണ്ടാകുന്നു. സർക്കാർ യോജിപ്പിക്കുന്ന ബന്ധമല്ല വിവാഹം. ദൈവം യോജിപ്പിക്കുന്നതാണ് വിവാഹം. അത് വേർപ്പെടുത്തുവാൻ നമുക്ക് അംഗീകാരമില്ല. ''കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അധ്വാനം വ്യർത്ഥമാണ്'' (സങ്കീ. 127:1). നമ്മുടെ ഭവനങ്ങൾ ഈശോ പണിയട്ടെ. ഈശോ അവിടെ വസിക്കട്ടെ. ഈശോയുടെ കൈകൾ പിടിച്ച് നമുക്ക് നമ്മുടെ ഭവനങ്ങളിൽ വസിക്കാൻ സാധിക്കട്ടെ. എവിടെയെങ്കിലും വച്ച് ഈശോയെ നഷ്ടപ്പെട്ടു പോയിട്ടുണ്ടെങ്കിൽ മാതാവിനെപ്പോലെ, യൗസേപ്പിതാവിനെപ്പോലെ നമുക്ക് തിരിച്ചുനടക്കാം, ബലിപീഠത്തിലേയ്ക്ക്. അവിടെ ഈശോയെ കണ്ടുമുട്ടാം.


"നിങ്ങളിൽ ജ്ഞാനം കുറവുള്ളവൻ ദൈവത്തോടു ചോദിക്കട്ടെ. അവന് അതു ലഭിക്കും."
(യാക്കോ1:5)

SSLC, +1, +2

പരീക്ഷാവിജയ കൺവെൻഷൻ

ജനുവരി 20 2024

(9 am - 3.30 pm)







# ലോകത്തെ സന്തോഷിപ്പിച്ച പുഞ്ചിരി

സിനി ജോൺസൻ

സന്തോഷത്തിന്റെ സദ്വാർത്തയായ യേശുവിന്റെ ജനനം പ്രതീക്ഷയുടെയും തിരുന്നാളാണ്. ലോകമെങ്ങും ക്രിസ്തുമസ്സ് ഒരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. വാഗ്ദാനം ചെയ്ത രക്ഷകന്റെ വരവ് അന്നും ഇന്നും നമ്മുടെ മനസ്സിൽ മഞ്ഞും കുളിരും കോരിയിടുന്നു. അലങ്കരിച്ച നക്ഷത്ര വിളക്കുകളും, വർണ്ണം വാരിവിതറുന്ന ക്രിസ്തുമസ്ട്രീയും സമ്മാനവുമായി എത്തുന്ന സാന്റായും ഉള്ളിൽ നിറയ്ക്കുന്നത് പ്രതീക്ഷയുടെ സദ്വാർത്തയാണ്.

വിടരാൻ കൊതിയോടെ പ്രപഞ്ചത്തിലേക്ക് കണ്ണുമിഴിക്കുന്ന പൂമൊട്ടുകളാണ് കുഞ്ഞുങ്ങൾ. ആ കുഞ്ഞുങ്ങളുടെ പുഞ്ചിരി കാണാൻ മാതാപിതാക്കളും, ബന്ധുക്കളും ആകാംക്ഷയോടെ കാത്തിരിക്കുന്ന ദിനമാണ് കുഞ്ഞുങ്ങളുടെ ജനനദിനം. നമ്മുടെ ഭവനത്തിൽ ഓരോ കുഞ്ഞ് ജനിക്കുമ്പോഴും നമുക്കത് ക്രിസ്തുമസ്സാണ്. പിറന്നുവീഴുന്ന ഓരോ കുഞ്ഞും ഉണ്ണിയേശുവാണ്. വളരെയധികം പ്രതീക്ഷയോടെ ഉണ്ണിയുടെ ജനനത്തിനായി കാത്തിരുന്നിട്ടും ജനിക്കുമ്പോൾ അംഗവൈകല്യത്തോടെ ജനിക്കുന്ന ഉണ്ണികളെകുറിച്ച് നാം ചിന്തിക്കാറുണ്ടോ? ജനനസമയത്തുണ്ടായ കുറവുകൾ കൊണ്ടുതന്നെ ലോകത്തെ പ്രചോദിപ്പിച്ച ഉണ്ണികൾ. ലോകം മുഴുവൻ അറിയപ്പെടുന്ന മോട്ടിവേഷണൽ സ്പീക്കർ ഓസ്ട്രേലിയക്കാരനായ നിക്ക് വ്യുജീസിസ് സോഷ്യൽ മീഡിയയിൽ തരംഗം സൃഷ്ടിച്ച പ്രതിഭാശാലിയാണ്. ലൈഫ് വിത്തൗട്ട് ലിമിറ്റ്സ് എന്ന അദ്ദേഹത്തിന്റെ പുസ്തകം വായനാപ്രേമികൾ നെഞ്ചോട് ചേർത്തുകഴിഞ്ഞു. 1982 ഡിസംബർ നാലാം തീയതിയാണ് കുഞ്ഞ് നിക്ക് ഈ ഭൂമിയിലേയ്ക്ക് പിറന്നുവീണത്. തൊലിയുരിഞ്ഞ പോലെയുള്ള കൈയ്യും കാലുമുള്ള ഒരു കോഴിക്കുഞ്ഞ് പോലെ, കൈകൾ ഷോൾഡറിനു തൊട്ടുതാഴെ മാത്രം കുഞ്ഞിനെ കണ്ട അമ്മയ്ക്ക് ശ്വാസം നിലച്ചതുപോലെയായി. മാതാപിതാക്കൾക്ക് അവരുടെ മനോനില വീണ്ടെടുക്കാൻ മാസങ്ങൾ വേണ്ടിവന്നു.

കുഞ്ഞുനിക്കിനെ മാതാപിതാക്കൾ എല്ലാ കരുതലോടെയുമാണ് വളർത്തിയത്. എല്ലാ കുട്ടികളെയും ചേർക്കുന്ന വിദ്യാലയത്തിൽ ചേർത്തു. പക്ഷെ ഇവന്റെ വികൃത രൂപം കണ്ട് കുട്ടികളൊന്നും ഇവനോട് കൂട്ടുകൂടിയില്ല. പരിഹാസപേരുകളും ഭ്രാന്തനെന്ന നാമവും കേട്ട് അവന്റെ കുഞ്ഞുമനസ്സ് വേദനിച്ചു. ചില സമയത്ത് ഒരു ഗ്ലാസ് വെള്ളം പോലും കൈകളില്ലാത്ത അവന് ആരും എടുത്തുകൊടുത്തില്ല. സങ്കടം സഹിക്കാനാവാതെ കരഞ്ഞുതളർന്ന അവനെ അമ്മ ആശ്വസിപ്പിച്ചു. നിന്റെ കുറവുകൾ മറ്റുള്ളവർക്ക് പ്രചോദനമാകുന്ന കാലം വരും. കാലിലെ ഒട്ടിച്ചേർന്ന രണ്ട് വിരലുകൾ ശസ്ത്രക്രിയയിലൂടെ വേർപ്പെടുത്തിയ നിക്ക് ആ വിരലുകൾ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കാനും എഴുതാനും ആരംഭിച്ചു. അവൻ പതുക്കെ ജീവിതത്തെ സ്നേഹിച്ചുതുടങ്ങി.

നിക്കോളാസിന് നന്നായി സംസാരിക്കാനും ദൈവത്തെക്കുറിച്ച് പറയുവാനും സാധിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ സ്ക്കൂളിലെ സ്വീപ്പർ ചേച്ചി അവനോട് ദൈവത്തിന്റെ കരുതലിനെക്കുറിച്ച് കൂട്ടുകാരോടും മറ്റുള്ളവരോടും സംസാരിക്കാൻ ആവശ്യപ്പെട്ടു. പക്ഷേ പ്രതികരണം പ്രതീക്ഷിച്ചതായിരുന്നില്ല. അവർ അവനെ കളിയാക്കി. നിന്റെ ദൈവത്തിനോട് നിനക്ക് കൈയും കാലും പിടിപ്പിച്ച് തരാൻ പറഞ്ഞുകൂടേ? അപ്പോൾ നിനക്ക് തവളക്കുഞ്ഞിനെപ്പോലെ നടക്കേണ്ടിവരില്ല. അവർ അവനെ കളിയാക്കി. പ്രതീക്ഷകളെല്ലാം തകർന്നപ്പോൾ വീണ്ടും രക്ഷകയായി സ്വീപ്പർ ചേച്ചി അവന്റെ മുന്നിൽ വന്നു. തളരാതെ മുന്നോട്ട് പോകാനും, യേശുക്രിസ്തുവിന്റെ പീഡാസഹനവും കുരിശുമരണവും ഈശോ അനുഭവിച്ച വേദനയും അവന് പറഞ്ഞുകൊടുത്തു. ഈ നിന്ദിക്കുന്നവർ നിന്നെ വന്ദിക്കുന്ന നാളുകൾ വിദൂരമല്ലെന്നും അവർ പറഞ്ഞു. ആ വാക്കുകൾ അവന് നൽകിയത് പുതുജീവനായിരുന്നു. ആ സമയത്താണ് അവന് ആകെ ഉണ്ടായിരുന്ന രണ്ട് വിരലുകൾക്കും പരുക്കു പറ്റിയത്. ആ രണ്ടു വിരലുകളുടെ വില മനസ്സിലാക്കിയ നിക്ക് തന്റെ ശരീരത്തിൽ ദൈവം തന്ന എല്ലാ അവയവങ്ങളേയും പ്രതി ദൈവത്തിന് നന്ദി പറയാൻ തുടങ്ങി. തുടർച്ചയായി എല്ലാ ദിവസവും ദൈവത്തെ സ്തുതിച്ചപ്പോൾ ദൈവാനുഗ്രഹം ഒരു മഴ പോലെ നിക്കിൽ നിറയാൻ തുടങ്ങി.

നിക്ക് ഇന്ന് ലോകത്തിനാകെ പ്രചോദനമേകുന്ന നിക്ക് വുജിസിസാണ്. 65-ൽ പരം രാജ്യങ്ങളിലായി മൂവായിരത്തിലധികം സ്റ്റേജ് ഷോകളിലൂടെ നിക്ക് ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് പ്രചോദനമാണ്. നിക്ക് 21-ാം വയസ്സിൽ കോമേഴ്സിൽ ഡബിൾ മേജർ ബിരുദധാരിയായി. ബെസ്റ്റ് സെല്ലറായ ആറ് പുസ്തകങ്ങൾ രചിച്ചു. ലൈഫ് വിത്തൗട്ട് ലിമിറ്റ്സ് എന്ന ആഗോളസംഘടനയുടെ ഫൗണ്ടറാണ് നിക്ക്. നിക്കിന്റെ പുസ്തകങ്ങൾ 30 ഭാഷകളിലായി രചിക്കപ്പെടുകയും, ന്യൂയോർക്ക് ടൈംസിന്റെ ബെസ്റ്റ് സെല്ലർ പട്ടികയിൽ ഇടം നേടുകയും ചെയ്തു. മൂന്ന് മില്ല്യൺ വായനക്കാരാണ് ഈ പുസ്തകങ്ങൾ വായിച്ചത്. നിക്കിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടയായ കനേമിയ എന്ന ടെക്സസ് സ്വദേശിനി 2012-ൽ നിക്കിന്റെ ജീവിതപങ്കാളിയായി. ഇവർക്ക് നാലു മക്കളുണ്ട്. ഗോൾഫ്, നീന്തൽ, സർഫിങ്ങ്സ് തുടങ്ങിയ കായികവിനോദങ്ങൾ നിക്ക് ചെയ്യുന്നത് കാണുമ്പോൾ കൈയും കാലും ഉള്ളവർ ലജ്ജിച്ച് തല താഴ്ത്തും. ഇന്ന് നിക്കിന്റെ ഒരു ടോക്ക് ഷോ ബുക്ക് ചെയ്യണമെങ്കിൽ 40 ലക്ഷം മുതൽ 80 ലക്ഷം വരെ ഫീസാണ്. ഒന്നുമില്ലാതിരുന്ന നിക്കോളാസിൽനിന്നും ലോകശ്രദ്ധ നേടിയ നിക്ക് വ്യുജിസിസായി മാറിയതിനു പിന്നിൽ അദ്ദേഹം മുറുകെപിടിച്ച ജീവിതമന്ത്രമുണ്ട്. എല്ലാ അവഗണനകൾക്കു ശേഷവും പ്രതീക്ഷയുടെ ഒരു കെടാവിളക്കുണ്ടാകും. ആ പുഞ്ചിരിയ്ക്ക് ലോകത്തെ മുഴുവൻ സന്തോഷിപ്പിക്കാൻ സാധിക്കും.

നിരാശയും അന്ധകാരവും ജീവിതത്തിൽ കടന്നുവരുമ്പോൾ പ്രതീക്ഷയുടെ നക്ഷത്രവിളക്കായി ഉണ്ണീശോയുടെ പുഞ്ചിരി നമ്മെ പുതിയ ജീവിതത്തിലേയ്ക്ക് നയിക്കട്ടെ. ലോകത്തെ മുഴുവൻ സന്തോഷിപ്പിക്കുന്ന തിരുപ്പിറവിയുടെ ആശംസകൾ ഏവർക്കും ആശംസിക്കുന്നു.


ദിവ്യകാരുണ്യ സൗഖ്യ ആരാധന
എല്ലാ ദിവസവും 06.30 pm to 08.30 pm





ബൈബിൾ ഗ്രാമം കുടുംബസംഗമം 2023

ദൈവകൃപയും കൃപയുടെ ഭവനവും
പട്ടത്തച്ചൻ CMI
https://www.youtube.com/jerusalemretreatcentrelive/live

സഹനപ്പൂക്കൾ
പട്ടത്തച്ചൻ CMI
https://www.youtube.com/jerusalemretreatcentrelive/live

ശനിയാഴ്ചകളിൽ രാത്രി 6.30 മുതൽ 9.30 വരെ വിദ്യാർത്ഥികൾക്കും യുവതീയുവാക്കൾക്കും

ഈശോയുടെ കൂടെ
TO BE WITH JESUS [FOR YOUTH]
NewYear Eve 2024
Dec. 31 SUN 6.30 pm TO Jan. 1 MON 2.00 am
ഫാ. സിജോ തയ്യാലക്കൽ CMI
FÃm bp-h-P-\-§-sfbpw {]-tXy-Iw £-Wn-¡p¶p.
https://www.youtube.com/jerusalemretreatcentrelive/live

## ജറുസലെം ശുശ്രൂഷകൾ ഡിസംബർ 2023

| | | |
|---|---|---|
| 2 | രോഗശാന്തി ശുശ്രൂഷ, ഗർഭിണികളുടെ പ്രാർത്ഥന, അമ്മയും കുഞ്ഞും ശുശ്രൂഷ | (09.00 am - 01.00 pm) |
| 7-10 | 29-ാമത് ജറുസലെം കൺവെൻഷൻ | |
| 14 - 17 | പരിശുദ്ധാത്മാഭിഷേക ധ്യാനം (മലയാളം) | (08.30 am) |
| 17 | കുഞ്ഞുങ്ങളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥന | (09.30 am - 01.00 pm) |
| 21 - 24 | ആത്മാഭിഷേക ധ്യാനം (തമിഴ്) | (08.30 am) |
| | തൊഴിലാളികളുടെ പ്രാർത്ഥന (വ്യാഴാഴ്ചകളിൽ) | (06.30 pm - 08.00 pm) |
| | To be with Jesus | |
| | യുവജനങ്ങളുടെ പ്രാർത്ഥന (ശനിയാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| | ജപമാല പ്രദക്ഷിണം (ഞായറാഴ്ചകളിൽ) | (05.15 pm - 06.15 pm) |
| | കുമ്പസാരവും സ്പിരിച്വൽ കൗൺസിലിങ്ങും | (09.00 am - 12.00 pm) |
| | ദിവ്യകാരുണ്യ സൗഖ്യാരാധന (എല്ലാ ദിവസവും) | (06.30 pm - 08.30 pm) |

Retreat Booking No: 7025 152 530
Jerusalem Retreat Centre You Tube Channelൽ
https://www.youtube.com/c/JerusalemRetreatCentre

## PRAYER LINE

Access code
3321285#
Call in
8929 700 137

എല്ലാ ദിവസവും രാത്രി 9.30 ന്
ബഹു. ഡേവീസ് പട്ടത്തച്ചൻ
നേതൃത്വം നൽകുന്നു

എല്ലാ വെള്ളിയാഴ്ചയും
പൊതു പ്രാർത്ഥനാ ദിനമായിരിക്കും
(8.30 a.m. - 3.30 p.m.)

## ജറുസലെം ശുശ്രൂഷകളെ സഹായിക്കാൻ ആഗ്രഹിക്കുന്നവർ

JERUSALEM RETREAT CENTRE
A/c. No. 0309 0381 9770 195 001
CSB Bank LTD, Thalore Branch
IFSC : CSBK 0000309
Swift code: CSYBIN 55
UPI id: jerusalemre.20077@csbpay

അക്കൗണ്ടിലൂടെ പണം അയക്കുന്നവർ
ഈ നമ്പറിലേക്ക് [+91 8304 069 046 ]
അഡ്രസ്സ് വാട്സ്ആപ്പ് ചെയ്യണേ


mmb/unionpress/ 9605 015 095